കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടി

511 [711] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറ് ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഈ വർഷം (1986-87-ൽ) എത്ര ഇൻസ്റ്റിറ്റ്യൂട്ടുകൾ പുതുതായി കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട് ;

(സി) കേരളത്തിൽ എത്ര കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) അതിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഇക്കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(സി) 17.

(ഡി) 570.

സ്റ്റേറ്റ് ലൈബ്രേറിയനെക്കുറിച്ചുള്ള പരാതി

512 [712] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലൈബ്രേറിയൻ അടുത്ത കാലത്ത് ലൈബ്രറിക്ക് അകത്തുവച്ച് ഒരു ഹരിജൻ സ്ത്രീയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു എന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു ;

(സി) സ്റ്റേറ്റ് ലൈബ്രേറിയൻ അവിടുത്തെ ഒരു ഉയർന്ന ഉദ്യോഗസ്ഥനെ മർദ്ദിക്കുകയും ലൈബ്രറി ഒരു ദിവസത്തേക്ക് അനൗദ്യോഗികമായി അടച്ചിട്ട് പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാക്കുകയും ചെയ്ത സംഭവത്തെക്കുറിച്ചുള്ള അന്വേഷണം എന്തായി ?

ഉത്തരം

(എ) അങ്ങനെ ഒരു പരാതി അടുത്തകാലത്ത് കിട്ടിയിട്ടില്ല. എന്നാൽ മാർച്ച് 1984-ൽ ഒരു പരാതി ലഭിക്കുകയുണ്ടായി. അന്വേഷണത്തിൽ ആരോപണം അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു.

(ബി) ഇക്കാര്യത്തെപ്പറ്റി ആരോപണപ്രത്യാരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്: റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly